LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി വിഭാഗത്തിൽ തീർപ്പ് കല്പിക്കാനുള്ള അപേക്ഷകളുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു.* ടി അപേക്ഷകളിൽ തുക അനുവദിക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. പട്ടികവർഗ്ഗ വിഭാഗത്തിൽ ജനനീ ജന്മരക്ഷ പദ്ധതി പ്രകാരം 26 അപേക്ഷകളും വിവാഹ ധനസഹായ പദ്ധതി പ്രകാരം 8 അപേക്ഷകളും തീർപ്പ് കല്പിക്കാനുണ്ട്. വ്യയ നിയന്ത്രണമുള്ളതിനാൽ ആകെ ബഡ്ജറ്റ് വിഹിതത്തിന്റെ 55% തുക മാത്രമേ അലോട്ട് ചെയ്യാൻ കഴിയുകയുള്ളൂ. ഈ നിയന്ത്രണം ഒഴിവാകുന്ന മുറയ്ക്ക് ഫണ്ട് അനുവദിക്കുന്നതാണ്.

(സി) അർഹരായ ഗുണഭോക്താക്കൾക്ക് എത്രയും വേഗം ധനസഹായം വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

നടപടി സ്വീകരിക്കുന്നതാണ്.

അംബേദ്കർ ഗ്രാമം പദ്ധതി

99(845) ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അംബേദ്കർ ഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

അംബേദ്ക്കർ ഗ്രാമം പദ്ധതി 2021-22 നടപ്പിലാക്കുന്നതിനുള്ള നടപടി സി2/381/2021/പജപവവിവ നമ്പർ ഫയലിൽ സ്വീകരിച്ചുവരുന്നു.

(ബി) ഏതെല്ലാം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് അംബേദ്കർ ഗ്രാമം പദ്ധതിയിലേക്ക് പട്ടികജാതി ഗ്രാമങ്ങളെ തെരഞ്ഞെടുക്കുന്നതെന്ന് വിശദമാക്കാമോ?

ഓരോ നിയോജകമണ്ഡലത്തിലുമുള്ള അടിസ്ഥാന സൗകര്യ വികസനത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്നതും മുപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും വികസന പ്രവർത്തനങ്ങൾ ആവശ്യമുള്ളതുമായ സങ്കേതങ്ങളെ തെരഞ്ഞെടുത്ത് ഓരോ കോളനിയിലും ഒരു കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഓരോ സങ്കേതത്തിന്റെയും വികസനാവശ്യങ്ങൾ വിലയിരുത്തി എം.എൽ.എ.-മാരുടെ മേൽനോട്ടത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

Page 2 of 2

(സി) പദ്ധതി സമഗ്രമായി പരിഷ്ക്കരിക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ പട്ടികജാതി വികസന വകുപ്പിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ ?

ടി പദ്ധതിയിൽ കോളനികളുടെ തെരഞ്ഞെടുപ്പുരീതിയിലും നടത്തിപ്പിലും ഭേദഗതി വരുത്തുന്ന വിഷയത്തിൽ സി2/68/2020/ പജപവവിവ നമ്പർ ഫയലിൽ നടപടി സ്വീകരിച്ചുവരുന്നു.

വാത്സല്യ നിധി പദ്ധതി

100(846) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കായി നടപ്പിലാക്കിയ വാത്സല്യനിധി പദ്ധതി പ്രകാരം എന്തൊക്കെ ആനുകൂല്യങ്ങളാണ് ലഭ്യമാക്കുന്നതെന്ന് അറിയിക്കാമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ ഉന്നമനത്തിനായി ഒരു ലക്ഷം രൂപയിൽ താഴെ വരുമാനമുള്ള മാതാപിതാക്കളുടെ പെൺകുട്ടികൾക്കായി 'വാത്സല്യനിധി' എന്ന പേരിൽ ഇൻഷ്വറൻസ് അധിഷ്ഠിത പദ്ധതി നടപ്പിലാക്കുന്നു. പട്ടികജാതി വികസന വകുപ്പും എൽ.ഐ.സി. ഓഫ് ഇൻഡ്യയും സംയുക്തമായി നടപ്പിലാക്കുന്ന ടി പദ്ധതിക്ക് വകുപ്പ് 1,38,000 രൂപ നാല് ഗഡുക്കളായി പെൺകുട്ടികളുടെ പേരിൽ നിക്ഷേപിക്കുന്നു. പെൺകുട്ടിക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ 3,00,000 രൂപ ഇൻഷ്വർ ചെയ്യപ്പെട്ട പെൺകുട്ടിക്ക് എൽ.ഐ.സി. നൽകുന്നു. കുട്ടിയുടെ ആദ്യ രക്ഷിതാവിന് അപകടമരണം സംഭവിച്ചാൽ 4 ലക്ഷം രൂപ, ആദ്യ രക്ഷിതാവിന് പൂർണ്ണമായ അംഗവൈകല്യം സംഭവിച്ചാൽ 2 ലക്ഷം രൂപ, ഭാഗികമായി അംഗവൈകല്യം സംഭവിച്ചാൽ 1 ലക്ഷം രൂപ എന്നിവയും ലഭിക്കുമായിരുന്നു. എന്നാൽ നിലവിൽ കേന്ദ്രസർക്കാർ നടപ്പാക്കിയ ഇൻഷ്വറൻസ് പരിഷ്ക്കാരങ്ങളുടെ ഭാഗമായി ഇത്തരത്തിലുള്ള ആനുകൂല്യങ്ങൾ നൽകുന്നതിൽനിന്നും എൽ.ഐ.സി. പിൻമാറിയിരിക്കുകയാണ്. ഇതുസംബന്ധിച്ച് എൽ.ഐ.സി. അധികൃതരുമായി ചർച്ച നടത്തുകയും ആവശ്യമായ അനുകൂല നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. 1-4-2017 മുതൽ ജനിച്ച പെൺകുട്ടികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പെൺകുട്ടി ജനിച്ച് 9 മാസത്തിനുള്ളിൽ ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസിൽ അപേക്ഷ സമർപ്പിക്കണം. ഇതുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly